# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം–10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ–മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 07.11.14

## തൃശ്ശൂർ മേഖലയിൽ വൈദ്യുതി വിതരണം: എസ്റ്റിമേറ്റ് അംഗീകരിക്കൽ

## പബ്ളിക്ക് ഹിയറിംഗ് നവംബർ 11ന്

തൃശ്ശൂർ മേഖലയിലെ വൈദ്യുതി വിതരണ ഏജൻസിയായ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട ജോലികളുടെ എസ്റ്റിമേറ്റ് നിരക്ക് അംഗീകരിക്കപ്പെടുന്നതിനായി വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ മുൻപാകെ പെറ്റിഷൻ ഫയൽ ചെയ്യുകയു ായി.

വെതർ പ്രൂഫ് സർവ്വീസ് കണക്ഷൻ, ഓവർഹെഡ് സർവ്വീസ് കണക്ഷൻ, നിലവിലുള്ള ലൈനിൽ പോസ്റ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനുകളാക്കിമാറ്റൽ, എൽ.ടി / 11 കെ.വി ലൈനുകൾ നിർമ്മിക്കൽ, വ്യത്യസ്ത തരം ട്രാൻസ്ഫോർമറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കുള്ള നിരക്കുകളാണ് നിശ്ചയിയ്ക്കപ്പെടേ ത്. ഇതു സംബന്ധിച്ച് നവംബർ 11ന് രാവിലെ 11 മണിക്ക് തൃശ്ശൂർ ചെമ്പുകാവിലെ ചേമ്പർ ഓഫ് കോമേഴ്സ് ബിൽഡിംഗിലെ കോൺഫറൻസ് ഹാളിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ നടത്തുന്ന പബ്ളിക്ക് ഹിയറിംഗിൽ പൊതുജനങ്ങൾക്കും മറ്റു ബന്ധപ്പെട്ടവർക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാവുന്നതാണ്. നിർദ്ദേശങ്ങൾ ഹിയറിംഗ് വേളയിൽ കമ്മിഷന് നേരിട്ട് നൽകാനും അവസരം ഉ ായിരിക്കുന്നതാണ്. നിർദ്ദിഷ്ട നിരക്കുകളുടെ വിശദ വിവരം കമ്മിഷന്റെ www.erckerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറി